No. CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2017

# എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2017-ലെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാമത്തെയും സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കുള്ള രണ്ടാമത്തെയും കേന്ദ്രീകൃത അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകൾ, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകൾ എന്നിവയിലേയ്ക്ക് മാത്രമാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. WP(C) No.22117/2017(L)-മേലും ബന്ധപ്പെട്ട കേസുകളിലുള്ള 22.08.2017–ലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെയും 23.08.2017 ലെ സ.ഉ (സാധാ)നം.2343/2017/ആ.കു.വ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് ഈ അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്.

ഈ അലോട്ട്മെന്റ് പ്രകാരം പുതുതായോ മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായോ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ്/അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ എടുത്തിട്ടുള്ളതും തിരുവനന്തപുരത്ത് മാറാവുന്നതുമായ ഡിമാന്റ് ഡ്രാഫ്റ്റായും ബാങ്ക് ഗ്യാരണ്ടി/ബോണ്ട് ബാധകമാണെങ്കിൽ അതും, വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്നതിനുള്ള മറ്റ് രേഖകളുടെ അസ്സൽ എന്നിവ സഹിതം **2017 ആഗസ്റ്റ് 28, 29 തീയതികളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** ഹാജരായി പ്രവേശനം നേടേണ്ടതാണ്. കേരളത്തിലെ എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികൃതരും പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിനായി 2017 ആഗസ്റ്റ് 28, 29 തീയതികളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ സന്നിഹിതരായിരിക്കും. **29.08.2017 വൈകുന്നേരം 4 മണി**യ്ക്ക് മുൻപായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

19.08.2017 ന് പ്രസിദ്ധീകരിച്ച അലോട്ട്മെന്റ് പ്രകാരം സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് 24.08.2017 നകം നിശ്ചിത ഫീസ് തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതും അലോട്ട്മെന്റിൽ മാറ്റം വന്നിട്ടില്ലാത്തവരുമായ വിദ്യാർത്ഥികളും **2017 ആഗസ്റ്റ് 28, 29** തീയതികളിൽ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** ഹാജരായി പ്രവേശന യോഗ്യത തെളിയിക്കുന്നതിനുള്ള എല്ലാ അസ്സൽ രേഖകളും ഹാജരാക്കി പ്രവേശനം നേടേണ്ടതാണ്.

## ഫീസ് വിവരങ്ങളും അടയ്ക്കേണ്ട വിധവും

| കോളേജുകൾ | സീറ്റ് | ഫീസ് | അടയ്ക്കേണ്ട വിധം |
|---|---|---|---|
| സർക്കാർ മെഡിക്കൽ കോളേജുകൾ | **എല്ലാ സീറ്റുകളും** | **25,000**/- രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| സർക്കാർ ദന്തൽ കോളേജുകൾ | **എല്ലാ സീറ്റുകളും** | **23,000**/- രൂപ | |

| | | | |
|---|---|---|---|
| അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | *50% സർക്കാർ സീറ്റ് | 2,50,000/- രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | 35% മാനേജ്മെന്റ് സീറ്റ് | 10 ലക്ഷം രൂപ | **5 ലക്ഷം രൂപ**-പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി.<br>കൂടാതെ ബാക്കി **5 ലക്ഷം രൂപ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിലുള്ളതും ഒരു വർഷ കാലാവധിയുള്ളതുമായ ബാങ്ക് ഗ്യാരണ്ടിയായി |
| അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ | 15% NRI സീറ്റ് | 14 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| പരിയാരം ദന്തൽ കോളേജ്, പരിയാരം, കണ്ണൂർ | **50% സർക്കാർ സീറ്റ് | 2,10,000/- രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| പരിയാരം ദന്തൽ കോളേജ്, പരിയാരം, കണ്ണൂർ | 35% മാനേജ്മെന്റ് സീറ്റ് | 4 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| പരിയാരം ദന്തൽ കോളേജ്, പരിയാരം, കണ്ണൂർ | 15% NRI സീറ്റ് | 5 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ | 85% സീറ്റ് | 5 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ | 15% NRI സീറ്റ് | 20 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജ് | 85% സീറ്റ് | 3.29 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജ് | 15% NRI സീറ്റ് | 6 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| കെ.എം.സി.റ്റി മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട് & ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം | 85% സീറ്റ് | 11 ലക്ഷം രൂപ | **5 ലക്ഷം രൂപ**-പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി.<br>കൂടാതെ ബാക്കി **6 ലക്ഷം രൂപ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിലുള്ളതും ഒരു വർഷ കാലാവധിയുള്ളതുമായ ബാങ്ക് ഗ്യാരണ്ടിയായി |
| കെ.എം.സി.റ്റി മെഡിക്കൽ കോളേജ്, മുക്കം, കോഴിക്കോട് & ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം | 15% NRI സീറ്റ് | 20 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| മറ്റ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ | 85% സീറ്റ് | 5 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി.<br>കൂടാതെ 500 രൂപയുടെ മുദ്ര പത്രത്തിലുള്ള **6** ലക്ഷം രൂപ വരെ തുകയ്ക്കുള്ള #ബോണ്ട് (മാതൃക **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്) |
| മറ്റ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ | 15% NRI സീറ്റ് | 20 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| മറ്റ് സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകൾ | 85% സീറ്റ് | 2.9 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |
| മറ്റ് സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകൾ | 15% NRI സീറ്റ് | 6 ലക്ഷം രൂപ | പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി. |

*ഈ 50% സീറ്റുകളിലെ 10 ബി.പി.എൽ/കുറഞ്ഞ വാർഷിക വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 25,000/- രൂപയും 13 എസ്.ഇ.ബി.സി വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 45,000/- രൂപയുമായിരിക്കും.

**ഈ 50% സീറ്റുകളിലെ 6 ബി.പി.എൽ/കുറഞ്ഞ വാർഷിക വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 23,000/- രൂപയും 8 എസ്.ഇ.ബി.സി വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 44,000/- രൂപയുമായിരിക്കും. ഈ ഫീസിളവുകൾ പ്രവേശനം പൂർത്തിയാക്കിയതിനു ശേഷം മാത്രമായിരിക്കും അനുവദിക്കുക. ആയതിനാൽ പ്രവേശന സമയത്ത് ഇവരും മറ്റ് വിദ്യാർത്ഥികൾക്കുള്ള ഫീസ് ഒടുക്കേണ്ടതാണ്.

# വിദ്യാർത്ഥിയുടെയോ രക്ഷിതാവിന്റെയോ പേരിൽ വാങ്ങിയ മുദ്രപ്പത്രത്തിലാണ് നിശ്ചിത മാതൃകയിലുള്ള ബോണ്ട് തയ്യാറാക്കേണ്ടത്. ഇത് നോട്ടറിയോ ഗസറ്റഡ് ഓഫീസറോ സാക്ഷ്യപ്പെടുത്തേണ്ടതില്ല.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്ക് ബഹു. ഹൈക്കോടതിയുടെ/അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി(AFRC)യുടെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കും.

**എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിന്ന് വിടുതൽ നേടുമ്പോൾ ഒടുക്കേണ്ടുന്ന ലിക്വിഡേറ്റഡ് ഡാമേജസ് സംബന്ധിച്ച്**

1. **സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പ്രവേശനം അവസാനിപ്പിക്കുന്ന തീയതിയായ 2017 ആഗസ്റ്റ് 15 ന് ശേഷം പ്രസ്തുത കോളേജുകളിൽ നിന്ന് വിടുതൽ നേടുന്ന പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(a) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ**
2. **കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 166/2017/H.Edn. Dated: 22.06.2017 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**
3. **മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No.170/2017/H.Edn. Dated: 23.06.2017, GO(Ms) No.169/2017/H.Edn. Dated: 23.06.2017 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇവർ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**
4. **ബഹു. ഹൈക്കോടതിയുടെ WP(C) No. 27106/2017 മേലുള്ള 21.08.2017 ലെ ഉത്തരവ് പ്രകാരം ഫാർമസി കോഴ്സിലേയ്ക്കുള്ള പ്രവേശനം അവസാനിപ്പിക്കുന്ന തീയതി 30.09.2017 വരെയായി നീട്ടിയിട്ടുള്ള സാഹചര്യത്തിൽ സർക്കാർ/സ്വാശ്രയ ഫാർമസി കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ 30.09.2017 ന് മുൻപ് പ്രസ്തുത കോളേജുകളിൽ നിന്ന് വിടുതൽ നേടുന്ന പക്ഷം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല.**

ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റികളിലേയ്ക്കുള്ള (എൻ.ആർ.ഐ ക്വാട്ടയിലുള്ള ന്യൂനപക്ഷ സീറ്റുകൾ ഉൾപ്പെടെ) അലോട്ട്മെന്റ് ഈ ഘട്ടത്തിൽ നടത്തിയിട്ടുണ്ട്.

പ്രവേശനം നടത്താവുന്നതാണെന്ന് ആരോഗ്യ സർവ്വകലാശാല അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ **പാലക്കാട് കരുണ മെഡിക്കൽ കോളേജ് , അഞ്ചരക്കണ്ടി കണ്ണൂർ മെഡിക്കൽ കോളേജ്, കോഴിക്കോട് മലബാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ, തിരുവനന്തപുരം എസ്.യു.റ്റി അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്** എന്നിവയിലേയ്ക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

29.08.2017 വൈകുന്നേരം 4 മണിയ്ക്ക് ശേഷം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നിലനിൽക്കുന്ന പക്ഷം അവ നികത്തുന്നതിനായി **2017 ആഗസ്റ്റ് 30, 31 തീയതികളിൽ** പ്രവേശന പരീക്ഷാ കമ്മീഷണർ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് മാത്രമായിരിക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. സ്പോട്ട് അഡ്മിഷനിൽ വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അവിടെ വച്ച് തന്നെ നിർദ്ദിഷ്ട ഫീസ് മേൽപ്പറഞ്ഞ വിധം ഒടുക്കി പ്രവേശനം നേടേണ്ടതാണ്. എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികൃതരും സ്പോട്ട് അഡ്മിഷൻ പൂർത്തിയാകുന്നതുവരെ സ്പോട്ട് അഡ്മിഷൻ കേന്ദ്രത്തിൽ ഹാജരായിരിക്കുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ വിടുതൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെ പ്രവേശന യോഗ്യത തെളിയിക്കുന്ന എല്ലാ അസ്സൽ രേഖകളും നിർദ്ദിഷ്ട ഫീസ് തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്ക് ഗ്യാരണ്ടി/ബോണ്ട് (ഏതാണോ ബാധകമായത്) സഹിതം ഹാജരാകേണ്ടതാണ്.

ബഹു. ഹൈക്കോടതിയുടെ WP(C) No. 28347/2017 റിട്ട് പെറ്റിഷനിന്മേലുള്ള 25.08.2017 ലെ ഉത്തരവ് പ്രകാരം 2017 ആഗസ്റ്റ് 31 ന് ശേഷം ബി.ഡി.എസ് കോഴ്സിൽ വീണ്ടും ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ നികത്തുന്നതിനായി **2017 സെപ്റ്റംബർ 2, 3** തീയതികളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തിരുവനന്തപുരത്ത് വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്.

**സ്പോട്ട് അഡ്മിഷന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 28.08.2017 മുതൽ 29.08.2017 വൈകുന്നേരം 5 മണിയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് ഒരു **'സ്പോട്ട് അഡ്മിഷൻ സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഈ സ്പോട്ട് അഡ്മിഷൻ സ്ലിപ്പുമായി അവർ സ്പോട്ട്

അഡ്മിഷന് ഹാജരാകേണ്ടതാണ്. കൂടാതെ പ്രവേശന യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, വിടുതൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നവരെ മാത്രമേ സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുകയുള്ളൂ.

**പാലക്കാട് കരുണാ മെഡിക്കൽ കോളേജിലേയ്ക്ക് 22.03.2017 ലെ ബഹു. സുപ്രീം കോടതി വിധിയ്ക്കനുസരിച്ചുള്ള പ്രവേശനം സംബന്ധിച്ച്.**

**കേരളത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്കായുള്ള ഓൺലൈൻ രജിസ്ട്രേഷൻ**

ഏതാനും സ്വകാര്യ സ്വാശ്രയ കോളേജുകളിൽ കേരളത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ 28.08.2017 മുതൽ 29.08.2017 വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ സീറ്റുകളിലെ അലോട്ട്മെന്റ് 2017 ആഗസ്റ്റ് 30, 31 തീയതികളിൽ സ്പോട്ട് അഡ്മിഷനിൽ നടത്തുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് ഒരു **'സ്പോട്ട് അഡ്മിഷൻ സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഈ സ്പോട്ട് അഡ്മിഷൻ സ്ലിപ്പുമായി അവർ സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ടതാണ്. കൂടാതെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ, ന്യൂന പക്ഷ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, എൻ.ആർ.ഐ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ (22.07.2017, 31.07.2017 എന്നീ തീയതികളിലെ ഓഫീസ് വിജ്ഞാപനങ്ങൾ ശ്രദ്ധിക്കുക) എന്നിവയും ഹാജരാക്കേണ്ടതാണ്.

SLP(C) No. 32580-32581/2016 ന്മേലുള്ള 22.03.2017 ലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം പാലക്കാട് കരുണാ മെഡിക്കൽ കോളേജിൽ പ്രവേശന മേൽനോട്ട സമിതി യോഗ്യരെന്ന് കണ്ടെത്തിയ 30 വിദ്യാർത്ഥികളെ 2017–18 അദ്ധ്യയന വർഷം പ്രവേശിപ്പിക്കേണ്ടതുണ്ട്. ഈ വിദ്യാർത്ഥികളുടെ പ്രവേശനം **2017 ആഗസ്റ്റ് 28, 29 തീയതികളിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് നടത്തുന്നതാണ്. ആയതിനാൽ പ്രസ്തുത 30 വിദ്യാർത്ഥികൾ മേൽപറഞ്ഞ തീയതിയിലും സ്ഥലത്തും വിടുതൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെ യോഗ്യത തെളിയിക്കുന്ന എല്ലാ രേഖകളും നിർദ്ദിഷ്ട ഫീസുമായി ഹാജരാകേണ്ടതാണ്. 29.08.2017 ന് വൈകുന്നേരം 4 മണിയ്ക്കകം പ്രവേശനം നേടിയില്ലെങ്കിൽ അവ ഒഴിവുവന്ന സീറ്റുകളായി കണക്കാക്കി 2017 ആഗസ്റ്റ് 30, 31 തീയതികളിൽ നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ നികത്തുന്നതാണ്.

2017-18 അദ്ധ്യയന വർഷം പ്രവേശനം നടത്തുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ചിട്ടില്ലാത്ത **Al Azhar Medical College & Super Speciality Hospital, Ezhalloor, Thodupuzha, Idukki, DM Wayanad Institute of Medical Sciences, Kalpetta, Meppadi P.O., Wayanad, Mount Zion Medical College, Chayalode, Adoor, Pathanamthitta** എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിന് WP(C) No. 19753, 27307 & 28258/2017 എന്നീ റിട്ട് പെറ്റിഷനുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 25.08.2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽകാലിക അനുമതി ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ **2017 ആഗസ്റ്റ് 30, 31** തീയതികളിൽ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ പ്രസ്തുത കോളേജുകളെ ഉൾപ്പെടുത്തി അലോട്ട്മെന്റും പ്രവേശനവും നടത്തുന്നതാണ്. എന്നാൽ ഈ കോളേജുകളിലേയ്ക്കുള്ള പ്രവേശനം താൽകാലികവും ബഹു. കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും.

2017 ആഗസ്റ്റ് 28 കലണ്ടർ അവധിയായതിനാൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും 2017 ആഗസ്റ്റ് 28 ന് തുറന്നു പ്രവർത്തിക്കുന്നതിനും വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം വിടുതൽ സർട്ടിഫിക്കറ്റും മറ്റ് രേഖകളും നൽകുന്നതിനും ആവശ്യമായ ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
**27.08.2017**

**പ്രവേശന പരീക്ഷാ കമ്മീഷണർ**